ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

എസി.ഡി./സ്പെ.സെൽ./ 2/2793/എഫ്.ഡി.പി/2009 തീയതി : 25/09/2009

## സർക്കുലർ

## ഹയർ സെക്കന്ററി അധ്യാപക പരിശീലനം 2009–2010 നിർദ്ദേശങ്ങൾ സംബന്ധിച്ച്

ഹയർ സെക്കന്ററിയിൽ എൻ.സി.ഇ.ആർ.ടി പാഠപുസ്തകം നിലവിലുള്ള ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ബോട്ടണി, സുവോളജി, പൊളിറ്റിക്കൽ സയൻസ് ഇക്കണോമിക്സ്, ജ്യോഗ്രഫി എന്നീ വിഷയങ്ങൾക്ക് മേഖലാടിസ്ഥാനത്തിൽ ഒക്ടോബർ മാസത്തിൽ താഴെപ്പറയുന്ന തീയതികളിൽ നോൺ റസിഡൻഷ്യൽ അധ്യാപക പരിശീലന പരിപാടി ക്രമീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | – | 05/10/2009 മുതൽ 08/10/2009 വരെ |
| എറണാകുളം | – | 12/10/2009 മുതൽ 15/10/2009 വരെ |
| കോഴിക്കോട് | – | 19/10/2009 മുതൽ 22/10/2009 വരെ |

പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽമാരും അധ്യാപകരും താഴെപ്പറയുന്ന കാര്യങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

- ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ വിഭാഗങ്ങളിലെ പ്രിൻസിപ്പൽമാർ, റഗുലർ അധ്യാപകർ, ദിവസവേതന അധ്യാപകർ എന്നിവർ പലിശീലനത്തിൽ പങ്കെടുക്കണം.
- അൺ എയ്ഡഡ് സ്കൂളിലെ പ്രിൻസിപ്പൽമാരും അധ്യാപകരും പങ്കെടുക്കണം
- അധ്യാപക പരിശീലനത്തിൽ നിന്നും ആരേയും ഒരു കാരണവശാലും ഒഴിവാകാൻ അനുവദിക്കുന്നതല്ല. പങ്കെടുക്കാത്തവർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിക്കും.
- പരിശീലനത്തിനു പോകേണ്ട അധ്യാപകരെയും കോർ/റിസോഴ്സ് അധ്യാപകരേയും യഥാസമയം പ്രിൻസിപ്പൽമാർ റിലീവ് ചെയ്തു വിടണം.
- തിരികെ പ്രവേശിക്കുമ്പോൾ ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടണം.
- പരിശീലനത്തിൽ പങ്കെടുക്കാത്ത അധ്യാപകരുടെ പേരും മറ്റു വിവരങ്ങളും പ്രിൻസിപ്പൽമാർ പരിശീലനം കഴിഞ്ഞാൽ ഉടൻ തന്നെ jdacad@gmail.com എന്ന ഇ മെയിൽ അഡ്രസ്സിൽ അറിയിക്കേണ്ടതാണ്.

❖ പരിശീലന സമയം എല്ലാ ദിസവും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ്. മുഴുവൻ സമയവും പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കണം.

❖ സെപ്റ്റംബർ 29,30 തീയതികളിൽ കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് 2009-10 ൽ എസ്.സി.ഇ.ആർ.റ്റി പരിശീലനം ലഭിച്ച മേൽപ്പറഞ്ഞ വിഷ.ങ്ങളിലെ **Core SRG/SRG** മാരുടെ കൺവെർജൻസ് മീറ്റിംഗ് നടത്തുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കാനുളള റിസോഴ്സ് അധ്യാപകരെ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ റിലീവ് ചെയ്യേണ്ടതാണ്.

❖ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന റിസോഴ്സ് അധ്യാപകരും പരിശീലനാർത്ഥികളും ബന്ധപ്പെട്ട പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരുടെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ഡയറക്ടർ